പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *114 12/06/2014 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാഠപുസ്തകങ്ങൾ ഏതെല്ലാം പ്രസ്സുകളിലാണ് അച്ചടിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയാണ്. 2008-09 അദ്ധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നോൺ വൊക്കേഷണൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതും സി-ആപ്റ്റാണ്. പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ പൊതു മേഖലാ സ്ഥാപനമായ സി-ആപ്റ്റിനെയാണ് ചുമതലപ്പെടുത്തിയിരുക്കുന്നത്. |
| ബി) സ്വകാര്യ പ്രസ്സുകളിൽ പ്രിന്റു ചെയ്യുന്ന പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ പ്രിന്റുചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇപ്പോൾ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ ; | (സി) | കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത് ഇന്ത്യാ പോസ്റ്റൽ വകുപ്പിന്റെ സഹായത്തോടെയാണ്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് സർക്കാർ പൊതു മേഖലാ സ്ഥാപനമായ സി-ആപ്റ്റാണ്. |
| ഡി) പ്രസ്തുത ഏജൻസികൾ ഏതെല്ലാം ഗവൺമെന്റ്, സ്വകാര്യ മേഖലയിലുള്ളതാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി കേരള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ്. ഇന്ത്യാ പോസ്റ്റൽ വകുപ്പ് കേന്ദ്ര സർക്കാർ സ്ഥാപനമാണ്. സി-ആപ്റ്റ് ഒരു കേരള സർക്കാർ പൊതു മേഖലാ സ്ഥാപനമാണ്. |

Padmakumar

സെക്ഷൻ ഓഫീസർ